ജി(4)5183/2018

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി.23.10.2018

**<u>സർക്കുലർ നമ്പർ 52/2018</u>**

വിഷയം- സഹകരണ വകുപ്പ്- പന്ന്യർ ഗ്രാമ പഞ്ചായത്ത് - ഐ.ടി.ഐ- സംഭാവന- സംബന്ധിച്ച്.

പരാമർശം-
1. തലശ്ശേരി എം.എൽ.എ ശ്രീ.എ.എൻ.ഷംസീർ ബഹു. സഹകരണ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച അപേക്ഷ.
2. സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ നിന്നും സർക്കാരിലേയ്ക്ക് സമർപ്പിച്ച 20.7.2018 ലെ മേൽ നമ്പർ കത്ത്.
3. സർക്കാരിൽ നിന്നും ലഭിച്ച 31.8.2018 ലെ പി.എസ്1/443/2018 സഹ. നമ്പർ കത്ത്.

*****

കണ്ണൂർ ജില്ലയിലെ പന്ന്യർ ഗ്രാമ പഞ്ചായത്തിൽ വിദ്യാഭ്യാസ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഇവിടെ സർക്കാർ 4 ട്രേഡോട് കൂടി ഒരു ഐ.റ്റി.ഐ. അനുവദിച്ചുത്തരവായിട്ടുണ്ട്. ഇതിന്റെ നടത്തിപ്പിനുവേണ്ടി സ്വന്തമായി സ്ഥലം ഏറ്റെടുക്കുന്നതിന് ഏകദേശം 1.5 കോടി രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത്. ഇത്രയും തുക പൊതുജനങ്ങളിൽ നിന്നും മാത്രമായി സമാഹരിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ കണ്ണൂർ ജില്ലയിലെ എല്ലാ സഹകരണ സ്ഥാപനങ്ങളുടേയും പൊതുനന്മാഫണ്ടിൽ നിന്നും സംഭാവന അഭ്യർത്ഥിച്ചുകൊണ്ട് പരാമർശം(1) പ്രകാരം ലഭിച്ച അപേക്ഷ പരാമർശം(2) പ്രകാരം സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ആയതിൽ പരാമർശം(3) പ്രകാരം സർക്കാർ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും 10,000/- രൂപ വീതവും ജില്ലാ സഹകരണ ബാങ്കിൽ നിന്നും പരാമാവധി ഒരു ലക്ഷം രൂപയും അവരുടെ പൊതുനന്മഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിന് അനുവാദം നൽകുന്നു.

(ഒപ്പ്)
എസ്.ഷാനവാസ്. ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്-
1. ജോയിന്റ് രജിസ്ട്രാർ(ജനറൽ), കണ്ണൂർ
2. ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) കണ്ണൂർ
3. അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്ക് (ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ ഡയറക്ടർ(ആഡിറ്റ്) മുഖേന
4. എഡിറ്റർ, സഹകരണ വീഥി
5. വെബ് സൈറ്റ്
6. സ്റ്റോക്ക് ഫയൽ

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ(വിജിലൻസ്)